# കേരള സർവ്വകലാശാല

## ഒന്നാം വർഷ ബിരുദ പ്രവേശനം 2022

## ഒന്നാം ഘട്ട അലോട്ട്മെന്റ് – നിർദ്ദേശങ്ങൾ

കേരള സർവകലാശാലയുടെ 2022-23 അദ്ധ്യയന വർഷത്തിലെ ബിരുദ പ്രവേശനത്തിനുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് വെബ്സൈറ്റിൽ http://admissions.keralauniversity.ac.in പ്രസിദ്ധപ്പെടുത്തി.

- അപേക്ഷകർക്ക് അവരവരുടെ അപേക്ഷാനമ്പറും പാസ്‌വേർഡും ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗ്ഇൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്.
- അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ നിർബന്ധമായും പ്രൊഫൈലിലെ pay online എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് payment ചെയ്യേണ്ടതാണ്.
- തുടർ ആവശ്യങ്ങൾക്കായി payment receipt പ്രിന്റ് എടുത്ത് സൂക്ഷിക്കേണ്ടതാണ്.
- **ആഗസ്റ്റ് 11-ന് വൈകുന്നേരം 5 മണിയ്ക്കകം ഫീസ് ഒടുക്കാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് റദ്ദാകുന്നതാണ്. അവരെ രണ്ടും മൂന്നും ഘട്ട അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതല്ല. ആയതിനാൽ അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ തങ്ങൾക്ക് ലഭിച്ച സീറ്റിൽ തൃപ്തരല്ലെങ്കിൽ പോലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കപ്പെടുന്നതിലേക്കായി സർവകലാശാല ഫീസ് മേൽപറഞ്ഞ രീതിയിൽ അടയ്ക്കേണ്ടതാണ്.**
- വിദ്യാർത്ഥികൾ തങ്ങൾക്ക് ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ സർവകലാശാല ഫീസ് ഒടുക്കി അലോട്ട്മെന്റ് ഉറപ്പാക്കിയ ശേഷം ഹയർ ഓപ്ഷനുകൾ ആഗസ്റ്റ് 11-ന് വൈകുന്നേരം 5 മണിക്ക് മുമ്പായി നീക്കം ചെയ്യേണ്ടതാണ്.
- ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന അപേക്ഷകരെ അടുത്ത അലോട്ട്മെന്റിൽ പ്രസ്തുത ഓപ്ഷനുകളിലേയ്ക്ക് പരിഗണിക്കുകയും അപ്രകാരം ലഭിക്കുന്ന സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്.
- അലോട്ട്മെന്റ് ലഭിച്ചവർ ഈ ഘട്ടത്തിൽ പ്രവേശനത്തിനായി കോളേജുകളിൽ ഹാജരാകേണ്ടതില്ല.
- ഈ ഘട്ടത്തിൽ ഹയർ ഓപ്ഷനുകൾ ഒഴിവാക്കൽ ഒഴികെയുള്ള പ്രൊഫൈൽ മാറ്റങ്ങൾ ഒന്നും തന്നെ സാധ്യമല്ല.